13042
6/12/14

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-വർക്കിംഗ് ഗ്രൂപ്പ്-ബധിര വിദ്യാർത്ഥികൾക്ക് Programming Languages പഠിപ്പിക്കുവാനുതകുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പഠന സഹായ പദ്ധതി-സാമ്പത്തിക സഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.719/2014/സാ.നീ.വ തിരുവനന്തപുരം, തീയതി 5.12.2014

---

പരാമർശം- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 15.11.2014 ലെ H2-36343/14 നമ്പർ കത്ത്.

2. 18.11.2014 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

## ഉത്തരവ്

ബധിര വിദ്യാർത്ഥികൾക്കായി Programming Languages പഠിപ്പിക്കുവാനുതകുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പഠന സഹായ പദ്ധതിയ്ക്ക് 5,57,000/- രൂപ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബധിര വിദ്യാർത്ഥികൾക്കായി Programming Languages പഠിക്കുവാനുതകുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പഠന സഹായ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും ഇതിനായി 5,57,000/-രൂപ (അഞ്ചു ലക്ഷത്തി അൻപത്തി ഏഴായിരം രൂപ) 2235-60-200-83(P) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (CMPU)വകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ